വനം വന്യജീവി വകുപ്പിലെ ഫോറസ്റ്റ് ഡ്രൈവർ (Category No:-524/2024 ((Klm, Ktm, Idk,Ekm, Tsr, Pkd, Kkd, Wyd)) , (564/2024 (NCA-V,Idukki), 565/2024 (NCA-SC, Palakkad), 566/2024 (NCA-OBC, Wayanad)) തസ്തികയുടെ ശാരീരിക അളവെടുപ്പും കായിക ക്ഷമത പരീക്ഷയും 2026 ഫെബ്രുവരി 16,17,18 തീയതികളിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി നടക്കുന്നു. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള അഡ്മിഷൻ ടിക്കറ്റ്, പ്രസ്തുത തസ്തികകളുടെ വിജ്ഞാപനത്തിൽ അനുബന്ധം ആയി ചേർത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, Driving Licence എന്നിവയുടെ അസ്സൽ സഹിതം രാവിലെ 5.30 മണിക്ക് മുമ്പായി തന്നെ പരീക്ഷ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യുന്നതിനു ശേഷം ആയത് സഹിതം ഹാജരാകേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം എത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല.